ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ കെ.എസ്.ആർ.ടി.സി.യുടെ ഫ്ളിറ്റ് സ്ട്രെംഗ്ത് എത്ര യാണ്;

(ബി) ഒരു ദിവസം കെ.എസ്.ആർ.ടി.സി. എത്ര കിലോമീറ്റർ സർവ്വീസ് നടത്തുന്നു;

(സി) ഒരു ദിവസത്തെ കെ.എസ്.ആർ.ടി.സി.യുടെ കളക്ഷൻ എത്ര യാണ്;

(ഡി) ഒരു കിലോമീറ്ററിന് കെ.എസ്.ആർ.ടി.സി. യുടെ ശരാശരി കള ക്ഷൻ എത്രയാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 3930

(ബി) 1999 ജൂൺമാസം 8-ാം തീയതി വരെ ശരാശരി ഒരു ദിവസം 10.50 ലക്ഷം കിലോമീറ്റർ സർവ്വീസ് നടത്തുന്നുണ്ട്.

(സി) ഒരു ദിവസത്തെ കളക്ഷൻ ശരാശരി 1.15 കോടി രൂപയാണ്. (8.6.99 വരെ)

(ഡി) ശരാശരി ഒരു കി.മീറ്ററിനു 10 രൂപ 94 പൈസ കിട്ടുന്നുണ്ട് (8.6.99 വരെ)

62 (354) കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ മൂലമുള്ള അപകടങ്ങൾ

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. നാലകത്തു സൂപ്പി :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പു സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ നിമിത്തം എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വാഹന അപകടങ്ങളിൽ എത്രപേർ മരണപ്പെട്ടിട്ടു ണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ മൂലമുള്ള അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെട്ട 121 അപകടങ്ങൾ ഉണ്ടായിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം	12
പത്തനംതിട്ട	5
ആലപ്പുഴ	17
കോട്ടയം	5
എറണാകുളം	7
പാലക്കാട്	1
തൃശ്ശൂർ	8
മലപ്പുറം	4
കോഴിക്കോട്	3
വയനാട്	6
കണ്ണൂർ	7
കാസർഗോഡ്	5

(ബി) മുകളിൽ ചേർത്തിരിക്കുന്ന അപകടങ്ങളിൽ പെട്ട് 14 പേർ മരണപ്പെട്ടിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക്

തിരുവനന്തപുരം	6
കൊല്ലം	7
കോട്ടയം	1

(സി) 1. അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ദീർഘദൂര ബസ്സുകളിൽ സ്ഥിരം ഡ്രൈവർമാരെ മാത്രമേ നിയോഗിക്കാവൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ദീർഘദൂര ബസുകളുടെ റണ്ണിംഗ് സമയം കൂട്ടി.

3. കഴിവതും ഒറിജിനൽ സ്പെയർപാർട്ടുകൾ തന്നെ ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ തീർത്തുവരുന്നു.

4. ദീർഘദൂര റൂട്ടുകളിൽനിന്നും പഴക്കം ചെന്ന വാഹനങ്ങൾ പിൻവലിച്ച് പുതിയ വാഹനങ്ങൾ പകരം നൽകിവരുന്നു.

5. ഓപ്പറേറ്റിംഗ് ജീവനക്കാരെ പ്രത്യേകിച്ച് ഡ്രൈവർമാരെ പ്രത്യേക റിഫ്രഷർ കോഴ്സുകളിൽ പങ്കെടുപ്പിക്കുന്നു. കൂടാതെ വിദഗ്ദ്ധ പരിശീലനവും നൽകുന്നു. ഇതിനായി കെ.എസ്.ആർ.ടി.സി.ക്ക് ഒരു ട്രെയിനിംഗ് സെന്റർ തന്നെയുണ്ട്.

63(355) ഗ്രാമീണ മേഖലയിലെ ബസ് സർവ്വീസ്

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ട്രാൻസ്പോർട്ട് ഡിപ്പോകളിൽ നിന്നും ഗ്രാമീണ മേഖലയിൽ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം എത്ര;

LIBRARY ARCHIVES Kerala Legislative Assembly